**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3658** **09-10-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ആർ. ഐ. ഡി. എഫ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; അവയുടെ പുരോഗതി അറിയിക്കാമോ; | (എ) | ആർ.ഐ.ഡി.എഫ് XXV പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം, പാറത്തോട് പഞ്ചായത്തുകളിൽ മുണ്ടക്കയം, ഇടക്കുന്നം, കൂവപ്പള്ളി വില്ലേജുകളിലായി 'ചെറുമല പാലയ്ക്കാത്തടം വാട്ടർഷെഡ് ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 147.99 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രസ്തുത പദ്ധതിയിൽ 834 ഹെക്ടർ ഭൂപ്രദേശത്തായി 145.87917 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ആർ. ഐ. ഡി. എഫ്. പദ്ധതിയില്പുൾപ്പെടുത്തുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്ന് പുതിയതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ? | (ബി) | അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ